

# അങ്കണത്തൈമാവ്

## അങ്കണവാടി അധ്യാപക സഹായിക്ക്
## ഒരു കൈപ്പുസ്തകം





# അങ്കണത്തൈത്തമാവ്

# അങ്കണവാടി അധ്യാപക സഹായിക്ക് ഒരു കൈപ്പുസ്തകം

**ഡോ. മല്ലിക എം ജി**

**"അങ്കണവാടി കുട്ടികളുടെ ലിംഗത്വ അവബോധം: വെട്ടം പഞ്ചായത്തിനെ മുൻ നിർത്തി ഒരു പ്രവർത്തന ഗവേഷണം".**

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല വികസന പഠനസ്കൂൾ ഹ്രസ്വകാല പ്രോജക്റ്റിന്റെ ഭാഗമായി നിർമ്മിച്ച പുസ്തകം.**

അങ്കണത്തെമാവ്

അങ്കണവാടി അദ്ധ്യാപന സഹായിക്ക് ഒരു കൈപ്പുസ്തകം

ഡോ. മല്ലിക എം ജി

പ്രസാധനം :

വികസന പഠനസ്കൂൾ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

അക്ഷരം ക്യാമ്പസ്

വാക്കാട് പി ഒ

തിരൂർ, മലപ്പുറം

കേരള–676502

പ്രസിദ്ധീകരിച്ച വർഷം 2024

അച്ചടി – ഡാറ്റാമാറ്റിക്സ്, ധർമ്മശാല, കണ്ണൂർ

രൂപകൽപ്പന – സൂര്യ പി (ഡാറ്റാമാറ്റിക്സ്, ധർമ്മശാല, കണ്ണൂർ)

കവർ – സൂര്യ പി (ഡാറ്റാമാറ്റിക്സ്, ധർമ്മശാല, കണ്ണൂർ)

“നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളല്ല, അവർ ജീവിതത്തിന്റെ സ്വന്തം തീവ്രാഭിലാഷത്തിന്റെ പുത്രരും പുത്രികളുമാണ്. അവർ നിങ്ങളിലൂടെ വരുന്നു. പക്ഷേ, നിങ്ങളിൽനിന്നല്ല. അവർ നിങ്ങളോടൊപ്പമെങ്കിലും നിങ്ങളുടെ സ്വന്തമല്ല. അവർക്ക് നിങ്ങളുടെ സ്നേഹം നൽകാം; നിങ്ങളുടെ ചിന്തകൾ നൽകരുത്. എന്തെന്നാൽ, അവർക്ക് അവരുടേതായ ചിന്തകളുണ്ട്. അവരുടെ ശരീരങ്ങൾക്കായി നിങ്ങൾക്ക് ഭവനമൊരുക്കാം. പക്ഷേ, അവരുടെ ആത്മാക്കളെ നിങ്ങൾക്ക് കൂട്ടിലൊതുക്കാനാവില്ല. എന്തെന്നാൽ, നിങ്ങൾക്ക് സ്വപ്നങ്ങളിൽ പോലും അപ്രാപ്യമായ ഭാവിയുടെ ഭവനങ്ങളിലാണ് അവരുടെ ആത്മാക്കൾ വസിക്കുന്നത്. അവരെപ്പോലെയാകാൻ നിങ്ങൾക്ക് യത്നിക്കാം. പക്ഷേ, ഒരിക്കലും അവരെ നിങ്ങളെപ്പോലെയാക്കാൻ ശ്രമിക്കരുത്. കാരണം, ജീവിതം പിറകോട്ട് നീങ്ങുന്നില്ല. ഇന്നലകളിൽ തങ്ങിനിൽക്കുന്നുമില്ല. നിങ്ങളുടെ കുഞ്ഞുങ്ങൾ എന്ന ജീവിക്കുന്ന അമ്പുകൾ തൊടുത്തുവിടേണ്ട വില്ലുകളാണ് നിങ്ങൾ“

**ഖലീൽ ജിബ്രാൻ (പ്രവാചകൻ (The Prophet))**

# മുഖവുര

നിലവിൽഅങ്കണവാടി അദ്ധ്യാപകർക്കായി നൽകിയിട്ടുള്ള **"അങ്കണത്തെമാവ് അങ്കണവാടി അദ്ധ്യാപന സഹായി"** എന്ന പുസ്തകത്തെ ഒരു ജെൻണ്ടർ ലെൻസിലൂടെ നോക്കി കാണുകയും പരമ്പരാഗത ലിംഗ സങ്കല്പങ്ങൾ (gender Stereotypes) എന്തെല്ലാം എന്നു കണ്ടെത്തി കുട്ടികളെ സ്വാധീനിക്കുന്ന അത്തരം പരമ്പരാഗത ലിംഗ സങ്കല്പങ്ങളെ മാറ്റിയെടുക്കാൻ അദ്ധ്യാപന സഹായിയെ എങ്ങനെ ഉപയോഗിക്കാം എന്ന് അദ്ധ്യാപകരെ പരിചയപ്പെടുത്തുന്ന ഒരു ഹ്രസ്വ പരീക്ഷണമാണ് ഈ പുസ്തകം. ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ചിന്തകളിൽ സ്വാധീനിക്കാൻ കഴിഞ്ഞാൽ തീർച്ചയായും ഒരു നല്ല നാളെ നിർമിച്ചെടുക്കാൻ നമുക്ക് സാധിക്കും. ഈ പ്രവത്തനത്തിൽ പ്രധാന പങ്കുവഹിക്കാൻ പ്രാപ്തിയുള്ളവരാണ് അങ്കണവാടി അദ്ധ്യാപകർ. കുട്ടികളുടെ വളർച്ചയുടെ സുപ്രധാനമായ ഒരുഘട്ടം നിയന്ത്രിക്കുന്നത് അവരാണ്. അതിനാലാണ് അങ്കണവാടി അദ്ധ്യാപകരിലൂടെ ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കുന്നത്. ഈ പുസ്തകം സമഗ്രമായ ഒന്നല്ല. ഒരു ഹ്രസ്വകാല പഠനത്തിന്റെ അടിസ്ഥാനത്തിൽതയ്യാറാക്കിയിട്ടുള്ളതാണ് ഈ പുസ്തകം. ഈ



പുസ്തകത്തിന്റെ രചനയിൽ പൂർണ്ണ അർത്ഥത്തിൽ സഹായിച്ചത് പ്രൊജക്റ്റ് അസിസ്റ്റന്റ് ജുനൈദ് ആണ്. അതുപോലെ വെട്ടം പഞ്ചായത്തിലെ ഐ സി ഡി എസ് സൂപ്പർവൈസറായ ശ്രീമതി മഞ്ജു എം ഈ പ്രോജക്റ്റിൽ നല്ല രീതിയിൽ സഹായിക്കുകയുണ്ടായി. കൂടാതെ ഈ പുസ്തകം നിർമ്മിക്കാൻ കഴിഞ്ഞത് മലയാള സർവകലാശാല ഹ്രസ്വകാല പ്രൊജക്റ്റ് അനുവദിച്ചതിനാൽ മാത്രമാണ്. ഏവരോടുമുള്ള കടപ്പാട് രേഖപ്പെടുത്തുന്നു.

**ഡോ. മല്ലിക. എം.ജി**





തീം ചാർട്ട്

ജൂൺ

## 1. കുട്ടിയും കുടുംബവും

എന്താണ് ഒരു കുടുബം?


പരസ്പരം സ്നേഹത്തോടെയും കരുതലോടെയും ഒന്നിച്ച് ജീവിക്കുകയും പണവും ഭക്ഷണവും ഒന്നിച്ച് പങ്കിട്ടെടുക്കുകയും പരസ്പരം അടുപ്പം കാണിക്കുകയും ചെയ്യുന്ന ഒരു കൂട്ടം മനുഷ്യർ ഒരുമിച്ച് കഴിയുന്നതിനെയാണ് കുടുംബമെന്ന് പറയുന്നതെന്ന് കുട്ടികളെ മനസ്സിലാക്കിക്കാം. അവർ രക്തബന്ധമുള്ളവരാവാം, അല്ലാത്തവരാവാം. പരസ്പരം സ്നേഹവും കരുതലും ഉണ്ടാകണം. അമ്മയും അച്ഛനും അച്ഛച്ഛനും അമ്മമ്മയും മറ്റു ബന്ധുക്കളുമുള്ള വലിയ കുടുംബമാകാം അതല്ലെങ്കിൽ ഒന്നോ രണ്ടോ വ്യക്തികൾ മാത്രം ജീവിക്കുന്നതോ സുഹൃത്തുക്കൾ ചേർന്ന് സ്നേഹത്തൊടെ പരസ്പരം കരുതലോടെ ജീവിക്കുന്നതോ ആവാം. കുടുംബത്തിന് പ്രധാനമായും വേണ്ടത് പരസ്പര സ്നേഹവും കരുതലും വിശ്വാസവും ആണെന്ന് കുട്ടികളെ മനസ്സിലാക്കി കൊടുക്കണം.

സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ കുടുംബങ്ങളെ കുറിച്ചും കുടുംബാംഗങ്ങളെ കുറിച്ചും പറഞ്ഞു കൊടുക്കുക.

- ഈ അദ്ധ്യായത്തിൽ കാണിക്കുന്ന തരം പരമ്പരാഗത കുടുംബങ്ങൾ മാത്രമല്ല ഉള്ളതെന്നും ഏക രക്ഷിതാവുള്ള കുടുംബങ്ങൾ (അമ്മ മാത്രമോ അച്ഛൻ മാത്രമോ ഉള്ള കുടുംബങ്ങൾ), ആണും ആണും ഉള്ള കുടുംബം, പെണ്ണും പെണ്ണും ഉള്ള കുടുംബം, കൂട്ടുകുടുംബം, അണു കുടുംബം തുടങ്ങിയവ മനുഷ്യർക്കിടയിൽ നിലനിൽക്കുന്നു എന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക.
- അച്ഛൻ, അമ്മ മറ്റു കുടുംബാംഗങ്ങൾ തുടങ്ങിയവരുടെ വസ്ത്രങ്ങൾ പരമ്പരാഗത രീതിയിൽനിന്നും മാറി വ്യത്യസ്ഥമായതും സ്വതന്ത്രമായതുമാണെന്ന് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.

## സഹായക ചിത്രങ്ങൾ















## രണ്ടാം ദിവസം

### പ്രവർത്തനം 1 – ആംഗ്യപ്പാട്ട്

- പാട്ടിലെ പരമ്പരാഗത ലിംഗ സങ്കല്പങ്ങൾ ഉൾക്കൊള്ളുന്ന ഭാഗങ്ങൾ മാറ്റുകയും ലിംഗനീതി ഉൾക്കൊള്ളുന്ന ആശയങ്ങൾ ഉൾച്ചേർക്കുകയും ചെയ്യുക.
- കുടുംബത്തിലെ എല്ലാ ജോലികളും എല്ലാവരും ഒരുമിച്ച് ചെയ്യേണ്ടതാണെന്ന് കുട്ടികളെ പഠിപ്പിക്കുക.
- അവിടെ അസമത്വം നിറഞ്ഞ തരത്തിലുള്ള തൊഴിൽ വിഭജനം തെറ്റാണെന്ന് അവരെ ബോധ്യപ്പെടുത്തുക.
- പാട്ടിലെ ഓരോ പണികളും എല്ലാവരും ചെയ്യുന്ന തരത്തിലാക്കി കുട്ടികൾക്ക് ചൊല്ലികൊടുക്കുക.
- നിലവിലുള്ള കുടുംബങ്ങളെ കുറിച്ച് ചർച്ച ചെയ്യുക.
- കുട്ടികളുടെ കുടുംബത്തിലെ സാഹചര്യങ്ങളെ കുറിച്ച് അവരോടു ചോദിക്കുകയും പരമ്പരാഗത ലിംഗ സങ്കൽപ്പങ്ങളെ തിരുത്തി കൊടുക്കയും ചെയ്യുക.

## ലിംഗ സമത്വത്തോടെയുള്ള ആംഗ്യപ്പാട്ട്

കഥപറയാനെന്നച്ഛച്ഛൻ

ഉമ്മതരാനെന്നമ്മൂമ്മ

കവിതകൾ ചൊല്ലിത്തന്നീടാന്

കുസൃതിക്കാരി ചേട്ടത്തി

കാര്യം നോക്കാനെന്നച്ഛൻ (നെന്നമ്മ)

മേൽനോട്ടത്തിനെന്നമ്മ(നെന്നച്ഛൻ)

കറുത്ത കണ്ണടയിട്ടുനടക്കും

ഗമയിൽ എന്നുടെ കൊച്ചേച്ചി

കടയിൽപോകാൻ എല്ലാരും

മുറ്റമടിക്കാൻ എല്ലാരും

പാത്രം കഴുകാൻ എല്ലാരും

ചോറുണ്ടാക്കാൻ എല്ലാരും

വെള്ളം കോരാൻ എല്ലാരും

വസ്ത്രമലക്കാൻ എല്ലാരും

ഞാനെൻ വീട്ടിലെ അഞ്ചാമൻ

എന്റെ കുടുംബമിതാണല്ലോ

കുടുംബമൊന്നായ് ചേരുമ്പോൾ

സന്തോഷത്തിൻ പൊടിപൂരം

## മൂന്നാം ദിവസം

### പ്രവർത്തനം 1 – ചിത്രവായന– വലിയ കുടുംബം/ ചെറിയ കുടുംബം

- തുടക്കത്തിൽ വിവരിച്ചതുപോലെ വ്യത്യസ്ഥ കുടുംബങ്ങളെ കുറിച്ച് കുട്ടികൾക്ക് പറഞ്ഞു കൊടുക്കുകയും അവയുടെ ചിത്രങ്ങൾ കാണിച്ചു കൊടുക്കുകയും ചെയ്യുക.
- കുട്ടികളുടെ കുടുംബത്തെ കുറിച്ച് പറയാൻ അവരെ പ്രോത്സാഹിപ്പിക്കുകയും അവ എന്ത് തരം കുടുംബമാണെന്ന് പറഞ്ഞു കൊടുക്കുകയും ചെയ്യുക.
- വീട്ടിൽ പരസ്പരം സ്നേഹവും സഹകരണവും അടുപ്പവും ഉണ്ടോ എന്ന് കുട്ടികളുടെ സംസാരത്തിൽ നിന്ന് മനസ്സിലാക്കുക. അങ്ങനെ അല്ലെന്ന് തോന്നുന്ന കുട്ടികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. കുടുംബപശ്ചാത്തലം നന്നായി മനസ്സിലാക്കാൻ ശ്രമിക്കുക. തകർന്ന കുടുംബങ്ങളിലെ കുട്ടികളെ സർക്കാർ സംവിധാനവുമായി ബന്ധപ്പെടുത്തി അവരുടെ കുട്ടിക്കാലം സുരക്ഷിതമാക്കുക.

## പ്രവർത്തനം 2 – ആംഗ്യപ്പാട്ട്

- ഇവിടെ അച്ഛൻ, അമ്മ എന്നിവരുടെ ഉത്തരവാദിത്തങ്ങൾ (roles) പരമ്പരാഗത സങ്കൽപ്പത്തിലാണ് നൽകിയിട്ടുള്ളത്. ഇത് തിരുത്തി കുട്ടികൾക്ക് പാട്ട് പാടികൊടുക്കുക.
- പാട്ടിലെ " അച്ഛൻ തന്നൊരുടുപ്പിട്ട്", "അമ്മ തൊടീക്കും പൊട്ടിട്ട്" എന്ന വരികൾ ഉത്തരവാദിത്തങ്ങൾ മാറ്റി പാടി നൽകുക. "അമ്മ തന്നൊരുടുപ്പിട്ട്", "അച്ഛൻ തൊടീക്കും പൊട്ടിട്ട്" എന്നിങ്ങനെ ആക്കി പാടി നൽകുക.
- അച്ഛൻ മാത്രമല്ല അമ്മക്കും ജോലിക്ക് പോകാനും പണം സമ്പാദിക്കാനും വസ്തുങ്ങളും മറ്റും വാങ്ങി നൽകാനും സാധിക്കുമെന്ന് കുട്ടികളെ പഠിപ്പിക്കുക.
- വീട്ടുകളിലെ തൊഴിൽ വിഭജനം ചർച്ച ചെയ്യുക. എന്താണ് വേണ്ടതെന്ന് കുട്ടികളുമായി ചർച്ച ചെയ്യുക. വീട്ടു ജോലികളുടെ പ്രധാന്യം കുട്ടികളെ ബോധ്യപ്പെടുത്തണം. അതുപോലെ പുറത്ത് ജോലിക്കു പോകാൻ സ്ത്രീകൾ അനുഭവിക്കുന്ന കഷ്ടപാടുകൾ കുട്ടികളുമായി ചർച്ച ചെയ്യണം.

**പ്രവർത്തനം 3 – അമ്മയും കുഞ്ഞും കണ്ടെത്തൽ**

- ഇവിടെ നൽകിയിട്ടുള്ള ചിത്രങ്ങളിൽ അമ്മയുടെയും കുഞ്ഞിനുമൊപ്പം അച്ഛന്റെയും ചിത്രങ്ങൾ ചേർക്കുക. അമ്മയും അച്ഛനും ചേർന്നാണ് കുട്ടികളെ നോക്കേണ്ടത് എന്ന് കുട്ടികൾക്ക് പഠിപ്പിച്ചു നൽകുക.
- അമ്മയുടെ ചിത്രത്തിലെ സ്ത്രീയുടെ പരമ്പരാഗത വസ്ത്രധാരണാ രീതികൾ മാറ്റി ലിംഗ സമത്വത്തോടെയുള്ള വസ്ത്ര ധാരണാ രീതികൾ ഉൾപെടുന്ന ചിത്രങ്ങൾ നൽകുക.

**പ്രവർത്തനം 4 – അഭിനയിക്കാം**

- ഇവിടെ കുടുംബാംഗങ്ങളുടെ ജോലി അഭിനയിച്ച് കാണിക്കുമ്പോൾ ലിംഗ സമത്വ ആശയങ്ങളിൽ അധിഷ്ഠിതമായ കാര്യങ്ങൾ ഉൾപ്പെടുത്തുക.
- വീട്ടിലെ എല്ലാ ജോലികളും എല്ലാവരും ചെയ്യേണ്ടതാണ് എന്നും സ്ത്രീ, പുരുഷൻ എന്നിങ്ങനെ വിഭജിച്ചു നൽകേണ്ടതില്ല എന്നും കുട്ടികളെ പഠിപ്പിക്കുക.
- വ്യത്യസ്തമായ ജോലികൾ എല്ലാവരും ചെയ്യുന്ന തരത്തിലുള്ള ചിത്രങ്ങൾ കുട്ടികൾക്ക് കാണിച്ചു കൊടുക്കുക.

# അനുബന്ധ ചിത്രങ്ങൾ







## പ്രവർത്തനം 5 – ഓർമപരിശോധന

- ഇവിടെ നല്കിയിരിക്കുന്ന വസ്തുക്കളിൽ അമ്മയുടെ വള എന്നത് മാറ്റി അമ്മയുടെ പേന എന്നാക്കിമാറ്റുക.
- അമ്മാവന്റെ/ചേട്ടന്റെ പേന എന്നതിന് പകരം ചെരുപ്പ് എന്നാക്കി മാറ്റുക.
- വസ്തുക്കൾ, ആഭരണങ്ങൾ, വസ്ത്രങ്ങൾ എന്നിവയെ പരമ്പരാഗത ലിംഗ സങ്കൽപങ്ങളിൽ നിന്നും മാറ്റി കുട്ടികളെ പഠിപ്പിക്കുക.





**തീം ചാർട്ട്**

**ജൂൺ**

**2. വീടും പരിസരവും**

**ഒന്നാം ദിവസം**

**പ്രവർത്തനം 3 – കഥ**

- ഈ ഭാഗത്തുള്ള രാമുവിന്റെ സഹായം എന്ന കഥ കുട്ടികൾക്ക് പരിചയപ്പെടുത്തുമ്പോൾ എന്താണ് ദാരിദ്ര്യം എന്നും അത് എങ്ങനെ ഉണ്ടാകുന്നു എന്നും പരിചയപ്പെടുത്തുക.
- എന്തുകൊണ്ട് ചിലർ പാവപ്പെട്ടവരാകുന്നു എന്നും എങ്ങനെ ചിലർ പണക്കാർ ആകുന്നു എന്നും കുട്ടികൾക്ക് ലളിതമായി വിവരിച്ചു കൊടുക്കുക.
- പണം കൊടുത്തതുകൊണ്ട് മാത്രം ദാരിദ്ര്യം അകറ്റാൻ സാധിക്കില്ല എന്നും അതിന് അടിസ്ഥാനപരമായി ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചും വിവരിച്ചു നൽകാം.
- വിദ്യാഭ്യാസം ദാരിദ്ര്യം അകറ്റാൻ എത്രത്തോളം പ്രധാനപ്പെട്ടതാണ് എന്ന് കുട്ടികൾക്ക് വിവരിച്ചു നൽകുക.

## മൂന്നാം ദിവസം

## പ്രവർത്തനം 1 – അപ്പൂവിന്റെ വീട് (കഥ)

- ഈ അദ്ധ്യായത്തിന്റെ ഭാഗമായി കുട്ടികളുടെ അവകാശത്തെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക.
- കുട്ടികളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് അവരെ മനസ്സിലാക്കുക.
- ലൈംഗീകാതിക്രമങ്ങൾ മറ്റ് ശാരീരിക മാനസിക അതിക്രമങ്ങൾ കുട്ടികൾ നേരിടുന്നുണ്ടോ എന്ന് ചോദിച്ചറിയുക. ഇവ തിരിച്ചറിയാനും പ്രതിരോധി ക്കാനുമുള്ള പ്രാപ്തി കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക.
- ഇത്തരം അതിക്രമങ്ങൾ ഉണ്ടായാൽ എന്താണ് ചെയ്യേണ്ടത് എന്ന് അവരെ പഠിപ്പിക്കുക.
- കൂടാതെ കഥയിൽ അച്ഛൻ കുട്ടിയെ ഉപദ്രവിക്കുന്നത് കണ്ട അയൽക്കാരൻ ചൈൽഡ് ലൈനിൽ വിവരമറിയിക്കുകയും പോലീസും ചൈൽഡ് ലൈൻ പ്രവർത്തകരും ചേർന്ന് കുട്ടിക്കും അച്ഛനും കൗൺസിലിങ് നൽകുകയും ശേഷം അച്ഛൻ കുട്ടിയോട് നല്ല രീതിയിൽ പെരുമാറി എന്ന തരത്തിലുള്ള കാര്യങ്ങൾ കഥയുടെ കൂടെ ഉൾപെടുത്തി കുട്ടികൾക്ക് വിവരിച്ചു നൽകാം.

## കൂട്ടുതൽവായനക്ക്

## കവിത

രാവിലെ എന്നും
എഴുന്നേൽക്കും
വായും മുഖവും കഴുകീടും
പല്ലുതേപ്പ നടത്തീടും.
മുറ്റത്തുടെ നടന്നീടും
ഉപ്പയ്ക്കുമ്മ കൊടുത്തീടും
ഉമ്മയോടൊത്തു കളിച്ചീടും
നന്നായി ഒന്നു കുളിച്ചീടും
വയറു നിറയെ കഴിച്ചീടും
അങ്കണവാടിയിൽ പോയീടും
കൂട്ടരുമൊത്തു രസിച്ചീടും.





ജോലിക്കമ്മ പോയി
വരുമ്പോൾ
വാതിൽ പടിയിൽ ഞാൻ
നിൽക്കും
അച്ഛൻ തന്നൊരു ചായ
കുടിച്ച്
അച്ഛമ്മക്കൊരു മുത്തം
നൽകി
അമ്മച്ചന്റെ തോളിൽ
കേറി..
അമ്മ വരുമ്പോൾ ഞാൻ
നിൽക്കും.

## കഥ

ഒരു വീട്ടിൽ ഒരമ്മയും ഒരച്ഛനും കുട്ടിയുമുണ്ടായിരുന്നു. അച്ഛൻ രാവിലെ തന്നെ ജോലിക്ക് പോകാനുള്ള തയ്യാറെടുപ്പിലായിരിക്കും. എഴുന്നേറ്റ് പല്ലുതേച്ച് കുളിച്ച് ഭക്ഷണം കഴിക്കാനിരിക്കും. അമ്മ അപ്പോഴേക്കും പ്രഭാതഭക്ഷണം അച്ഛന്റെ മുന്നിൽ എത്തിച്ചിരിക്കണം. ഇല്ലെങ്കിൽ അച്ഛൻ ദേഷ്യപ്പെടും. ഒരു ദിവസം അച്ഛൻ ഉണർന്ന് വന്ന് പല്ല് തേച്ച് ചായ കുടിക്കാനിരുന്നു. അമ്മയെ കാണാനില്ല. അമ്മ പനി വന്ന് കിടക്കുകയാണ്. അച്ഛൻ ചായയുണ്ടാക്കാൻ അടുക്കളയിലേക്ക് പോയി.



ചായപ്പാത്രം എവിടെയെന്നറിയില്ല. ഒരു വിധം കണ്ടുപിടിച്ച് ചായ വക്കാൻ തുടങ്ങി. ഇനി ഭക്ഷണം എങ്ങനെ ഉണ്ടാക്കും?. തനിക്ക് ഒന്നും അറിയില്ലെന്ന

സത്യം അപ്പോഴാണ് അച്ഛൻ മനസ്സിലാക്കിയത്. അടുത്ത വീട്ടിലെ രാധേട്ടത്തി സഹായിച്ചതിനാൽ രണ്ടുദിവസം എങ്ങനെയോ തള്ളി നീക്കി. ഈ രണ്ടു ദിവസം വീടാകെ അലങ്കോലമായി കിടന്നു. അമ്മ ചെയ്യുന്ന പണികൾ എത്ര വിലപ്പെട്ടതാണെന്ന് അച്ഛനും കുട്ടിക്കും അപ്പോൾ മനസ്സിലായി. മാത്രമല്ല അമ്മയുടെ കൂടെ അച്ഛനും കുട്ടിയും വീട്ടുപണികൾ ഏറ്റെടുത്ത് ചെയ്യാൻ തുടങ്ങി. അങ്ങനെ അതൊരു സന്തുഷ്ട കുടുംബമായി.

# പാട്ട്

ചറ പറ ചറ പറ മഴ പെയ്യുന്നേ..

കുനു കുനു കുനു കുനെ

കുഞ്ഞു മുളച്ചേ....

കുഞ്ഞും കുട്ടീട്ടുഞ്ഞുകഴിക്കാനു-

ണ്ണീട്ടുപ്പക്കാശമുളച്ചേ...

കുഞ്ഞുപറിച്ചോരു കറിയുണ്ടാക്കീ-

ട്ടുണ്ണിയുമുപ്പയുമൂഞ്ഞുകഴിച്ചേ...

